**File No.SJD/1907/2020-D1**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :11/06/2020
Email -swdkerala@gmail.com
Phone : 0471 - 2306040

നമ്പർ: SJD/1907/2020-D1

## സർക്കുലർ

വിഷയം: സാമൂഹ്യനീതിവകുപ്പ്- ഡയറക്ടറേറ്റ്- നടപ്പുവർഷത്തെ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളുടെ പ്രവർത്തനം-സംബന്ധിച്ച്.

സൂചന: 11-6.2020 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

സമൂഹത്തിൽ തികച്ചും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗമായ ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന തുടർപദ്ധതികളായ വിദ്യാകിരണം,വിദ്യാജ്യോതി,സ്വാശ്രയ,പരിരക്ഷ, വിദൂര വിദ്യാഭ്യാസ ധനസഹായം, പരിണയം, മാതൃജ്യോതി,തുല്യതാപരീക്ഷ എഴുതുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികളിൽ പരിണയം,മാതൃജ്യോതി,തുല്യതാപരീക്ഷ എഴുതുന്നതിനുള്ള ധനസഹായം എന്നീപദ്ധതികൾ ഒഴികെയുള്ള പദ്ധതികൾക്ക് സൂചന പ്രകാരം ആദ്യഘട്ടം തുക അനുവദിച്ചുത്തരവായിട്ടുണ്ട്. പരിണയം,മാതൃജ്യോതി,തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾക്കാവശ്യമായ ഫണ്ടിനായി പ്രത്യേകം അപേക്ഷിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ 01.04.2020 മുതൽ പ്രാബല്യത്തിൽ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിനായുള്ള അർഹതാ മാനദണ്ഡങ്ങളുടെയും പദ്ധതി വിശദാംശങ്ങളുടെയും സർക്കുലറിന്റെയും അടിസ്ഥാനത്തിൽ പ്രമുഖ പത്രമാധ്യമങ്ങളിലൂടെയും PRD മുഖേനയും വ്യാപക പ്രചരണം നൽകി അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതുമാണ്.

പദ്ധതിക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 31 വരെയായിരിക്കണം . സൂചനപ്രകാരം അനുവദിക്കുന്ന തുക തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ആഗസ്റ്റ് 31 നകം വിതരണം നടത്തേണ്ടതും തുടർന്നും ആവശ്യമായ ഫണ്ടിനായി (സൂചന ഉത്തരവിൽ വകയിരുത്തിയ തുകയിൽ നിന്നും ) സെപ്റ്റംബർ 30 നകം അപേക്ഷിക്കേണ്ടതും അപ്രകാരം അനുവദിക്കുന്ന തുക ഒക്ടോബർ 31 നകം ഗുണഭോക്താക്കൾക്ക് വിതരണം നടത്തി യഥാസമയം UC സമർപ്പിക്കേണ്ടതുമാണ്.

ഓരോ പദ്ധതികൾക്കും ലഭിക്കുന്ന അപേക്ഷകരിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു വകയിരുത്തിയിട്ടുള്ള /അനുവദിച്ച തുക വിതരണം ചെയ്യുമ്പോൾ ഗുനഭോക്താക്കളുടെ വൈകല്യത്തിൻറെ ശതമാനം ,സാമ്പത്തികാവസ്ഥ, ജീവിതസാഹചര്യം എന്നിവ കൂടി അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ തന്നെ ധനസഹായം അനുവദിക്കേണ്ടതാണ് .

2020-21 വർഷത്തെ പദ്ധതി നടത്തിപ്പ് വിജയകരമായി പൂർത്തീകരിക്കുന്നതിനു മേൽ നിർദേശപ്രകാരമുള്ള സമയക്രമവും , അർഹതാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ ഓഫീസർമാർക്കും